**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1226 13.06.2013 - ൽ മറുപടിക്ക്**

**<u>ദേശീയപാത വികസനം പുനരാരംഭിക്കാൻ നടപടി</u>**

**<u>ചോദ്യം</u>**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.എ.റ്റി.ജോർജ്**
**ശ്രീ.സണ്ണി ജോസഫ്**
**ശ്രീ.എം.പി.വിൻസെന്റ്**

**<u>ഉത്തരം</u>**

**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) മുടങ്ങിക്കിടക്കുന്ന ദേശീയപാത വികസനം പുനരാരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;<br>(ബി) ഏതെല്ലാം ദേശീയ പാതകളിലാണ് വികസനം പുനരാരംഭിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) എത്ര വരി പാതയാണ് ഇതിനായി നിർമ്മിക്കുന്നത്; വിശദമാക്കുമോ;<br>(ഡി) പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് പ്രത്യേകം പാക്കേജ് നടപ്പാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?; | (എ) (ബി) (സി) & (ഡി) എൻ.എച്ച്.47 ന്റെയും എൻ.എച്ച്. 17 ന്റെയും വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കുന്നവർക്കായി 15.11.2011 -ലെ സ.ഉ.(കയ്യെഴുത്ത്) നം.419/2011/ആർ.ഡി പ്രകാരം ഒരു പാക്കേജ് പ്രഖ്യാപിച്ച് കുടിയൊഴിപ്പിക്കൽ നടപടികൾ ദ്രുതഗതിയിൽ നടപ്പിലാക്കി പാതവികസനം ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എൻ.എച്ച്.47 ഉം എൻ.എച്ച്. 17 ഉം ദേശീയപാതാവികസന പദ്ധതിയിൽപ്പെടുത്തി ദേശീയപാതാ അതോറിറ്റി മുഖാന്തിരം 45 മീറ്റർ വീതിയിൽ നാലുവരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ബാക്കിയുള്ള അഞ്ച് ദേശീയപാതകളായ NH 49, NH 208, NH 212, NH 213, NH 220 എന്നിവ E.P.C. മോഡിൽ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപാതയായി കേന്ദ്രഫണ്ടിന്റെ ലഭ്യത അനുസരിച്ച് പുനരുദ്ധരിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ